# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3825 21.06.2018-ൽ മറുപടിക്ക്

## കൈത്തറി മേഖലയിലെ ഇടപെടലുകൾ

**ചോദ്യം**

ശ്രീ.സി.കൃഷ്ണൻ
ശ്രീ.സി.കെ.ശശീന്ദ്രൻ
ശ്രീ.പി.കെ.ശശി
ശ്രീ.സി.കെ.ഹരീന്ദ്രൻ

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖ സ്ഥാനമുണ്ടായിരുന്ന കൈത്തറി വ്യവസായം ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ തകർച്ചയിലായിരുന്നത് പുനരുദ്ധരിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും പുന:രുജ്ജീവിപ്പിക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൈത്തറിയുടെ ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്ന പദ്ധതി, നെയ്ത്തുകാർക്കും മറ്റ് അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹനസഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി, റിബേറ്റ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

ഈ പദ്ധതികൾക്ക് പുറമേ പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ പുന:രുജ്ജീവിപ്പിക്കുവാൻ വേണ്ടി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും 2 ജോടി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പുതിയൊരു പദ്ധതി കൂടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2018-19 അദ്ധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ ഏകദേശം 4.40 ലക്ഷം

കുട്ടികൾക്ക് രണ്ട് ജോടി കൈത്തറി യൂണിഫോം തുണി വിതരണം ചെയ്തു. 2018 മേയ് മാസത്തോടെ 1 മുതൽ 7 വരെ ക്ലാസ്സുകളുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും കൈത്തറി യൂണിഫോം തുണി എത്തിക്കുവാൻ സാധിച്ചു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സൗജന്യ മായി യൂണിഫോം നൽകുക എന്നതിനു പുറമേ കൈത്തറി മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും അവരുടെ വേതനം വർദ്ധിപ്പിക്കുവാനും സാധിച്ചു.

(ബി) കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തിനും സഹകരണസംഘങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും ശാക്തീകരണത്തിനായും നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണ്;

(ബി) കൈത്തറി തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും സർഗ്ഗവാസനകളും സാങ്കേതിക കഴിവുകളും അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി വീവേഴ്സ് ഫെസ്റ്റ് സംഘടിപ്പിച്ചു. കൈത്തറി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും ഉയർന്ന വേതനവും ഉറപ്പാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചു. അവയിൽ പ്രധാനമായതാണ് കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. കൂടാതെ ഉത്പാദന പ്രചോദന പദ്ധതിയിലൂടെ സജീവമായി നെയ്ത്ത് ജോലിയിലുള്ള തൊഴിലാളികൾക്ക് കൂടുതൽ സാമ്പത്തിക സഹായം ഉറപ്പാക്കി. നെയ്ത്ത് സഹകരണ സ്ഥാപനങ്ങളെ അവയുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി അവാർഡുകൾ നൽകിയത് വഴി ആരോഗ്യകരമായ മത്സരം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ഇടപെടൽ നടത്തി. പുതിയ പദ്ധതികളായ യുവവീവ്, വീട്ടിലൊരു തറി എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

(സി) ഏഴാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം നൽകാനുള്ള പരിപാടി കൈത്തറി മേഖലയിൽ ഉണ്ടാക്കിയ തൊഴിൽ ദിനങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ആവശ്യത്തിന് വേണ്ട തുണിമുഴുവനും നെയ്തു നൽകാൻ സാധ്യമായോ എന്നറിയിക്കാമോ?

(സി) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. 2018-19 അദ്ധ്യയന വർഷത്തേക്ക് സംസ്ഥാനത്തെ ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് കൈത്തറി യൂണിഫോം നൽകിയതുമായി ബന്ധപ്പെട്ട് കൈത്തറി മേഖലയിൽ നിന്നും സൗജന്യ സ്കൂൾ

യൂണിഫോം പദ്ധതിയിൽ അംഗങ്ങളായിരിക്കുന്ന നെയ്ത്തു തൊഴിലാളികൾക്ക് ശരാശരി 250 ൽ ഏറെ തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുണ്ട്.

ഡി.പി.ഐയിൽ നിന്നും ലഭ്യമായ ലിസ്റ്റ് പ്രകാരം സംസ്ഥാനത്തെ ഏഴാം ക്ലാസ്സ് വരെയുള്ള സർക്കാർ സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും 2 ജോടി വീതം കൈത്തറി യൂണിഫോം 2018 സ്കൂൾ വർഷം ആരംഭിക്കുന്നതിനു മുൻപായി വിതരണം ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**